**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2440** **12-12-2022 - ൽ മറുപടിയ്ക്ക്**

**സപ്ലൈകോയിൽ ബ്ലോക്ക്ചെയിൻ സാങ്കേതിക വിദ്യ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.പി. ചിത്തരഞ്ജൻ | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ താലൂക്ക് തലത്തിൽ പുതുതായി എത്ര ഗോഡൗണുകളാണ് നിർമ്മിക്കാൻ ഉദ്ദേശിക്കുന്നത്; ഏതൊക്കെ താലൂക്കുകളിലാണ് അവ സ്ഥാപിക്കുന്നത് എന്ന് വിശദമാക്കാമോ; | (എ) | പൊതുവിതരണ ഉപഭോക്തൃകാര്യ വകുപ്പ് എല്ലാ താലൂക്കിലും എൻ.എഫ്.എസ്.എ ഗോഡൗൺ നിർമ്മിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. എൻ.എഫ്. എസ്.എ ഗോഡൗണിന്റെ രൂപരേഖ പി.ഡബ്ല്യു.ഡി ആർക്കിടെക്ച്ചറൽ വിംഗിന്റെ സഹായത്തോടെ തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. എൻ.എഫ്.എസ്.എ ഗോഡൗൺ നിർമ്മാണത്തിന്റെ ആദ്യ ഘട്ടമായി കണ്ണൂർ ജില്ലയിലെ പയ്യന്നൂർ താലൂക്ക്, പത്തനംതിട്ട ജില്ലയിലെ കോന്നി താലൂക്ക്, കാസർഗോഡ് ജില്ലയിലെ വെള്ളരിക്കുണ്ട് താലൂക്ക് എന്നിവിടങ്ങളിൽ വസ്തു കണ്ടെത്തിയിട്ടുണ്ട്. പി.ഡബ്ല്യു.ഡിയുടെ സഹായത്തോടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്. 2022-23 സാമ്പത്തിക വർഷം പൊതുവിതരണ വകുപ്പിന്റെ പ്ലാൻ ഫണ്ടിൽ ഗോഡൗൺ നിർമ്മാണത്തിനായി അനുവദിച്ചിട്ടുള്ള 16.57 കോടി രൂപ വിനിയോഗിച്ച് കൊണ്ടാണ് ടി മൂന്ന് ഗോഡൗണുകൾ നിർമ്മിക്കുന്നത് കൂടാതെ ദേവികുളം താലൂക്കിൽ പൊതുവിതരണ ഉപഭോക്തൃകാര്യ വകുപ്പിന് സ്വന്തമായിട്ടുള്ള 49 സെന്റ് സ്ഥലത്ത് ഗോഡൗൺ നിർമ്മിക്കുന്നതിനും പൊതുവിതരണ ഉപഭോക്തൃകാര്യ വകുപ്പ് ഉദ്ദേശിക്കുന്നു. മേൽ പ്രകാരമുള്ള ഭൂമികൾ കൂടാതെ വകുപ്പ് 15 താലൂക്കുകളിൽ സർക്കാർ ഭൂമി കണ്ടെത്തുകയും ആയത് വകുപ്പിന്റ പേരിലേയ്ക്ക് മാറ്റുന്നതിനുമുള്ള നടപടികൾ വിവിധ തലങ്ങളിൽ സ്വീകരിച്ച് വരുകയും ചെയ്യുന്നുണ്ട്. |
| (ബി) | പി.വി.സി. പ്ലാസ്റ്റിക് റേഷൻ കാർഡ് വഴി പൊതുജനങ്ങൾക്ക് ബാങ്കിംഗ്സേവനങ്ങൾ നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ നടപടിക്രമം വിശദമാക്കാമോ; പ്രസ്തുത സേവനം ഏത് ഏജൻസി മുഖേനയാണ് ലഭ്യമാക്കുന്നതെന്നും വ്യക്തമാക്കാമോ; | (ബി) | നിലവിൽ വിതരണം ചെയ്യുന്ന പി.വി.സി. പ്ലാസ്റ്റിക് റേഷൻ കാർഡുകൾ വഴി പൊതുജനങ്ങൾക്ക് ബാങ്കിംഗ് സേവനങ്ങൾ നൽകുന്നതിന് തീരുമാനിച്ചിട്ടില്ല. എന്നാൽ റേഷൻ കടകൾ വഴി മറ്റ് യൂട്ടിലിറ്റി/ ബാങ്കിംഗ് സർവ്വീസുകൾ കൂടി പ്രദാനം ചെയ്യുക എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കുന്ന |

| | | | |
|---|---|---|---|
| | | | തിനുദ്ദേശിക്കുന്ന കെ-സ്റ്റോർ പദ്ധതിയുടെ ഭാഗമായി, മൈക്രോചിപ്പ് കൂടി ഘടിപ്പിച്ച റേഷൻ കാർഡ് നൽകുന്നതും അതിലൂടെ ബാങ്കിംഗ് സർവ്വീസുകൾ നൽകുന്നതും സംബന്ധിച്ച വിഷയം പരിഗണനയിലുണ്ട്. |
| (സി) | സപ്ലൈകോയിൽ ബ്ലോക്ക്ചെയിൻ സാങ്കേതിക വിദ്യ ഉപയോഗിച്ച് പ്രവർത്തിക്കുന്ന എന്റർപ്രൈസ് റിസ്ക് മാനേജ്മെന്റ് സൊല്യൂഷൻ സ്ഥാപിച്ചിട്ടുണ്ടോ; ഇതിന്റെ പ്രവർത്തന രീതി വിശദമാക്കാമോ; | (സി) | സപ്ലൈകോയിൽ ബ്ലോക്ക് ചെയിൻ സാങ്കേതിക വിദ്യ ഉപയോഗിച്ച് പ്രവർത്തിക്കുന്ന എന്റർപ്രൈസ് റിസോഴ്സ് മാനേജ്മെന്റ് സൊല്യൂഷൻ സ്ഥാപിച്ചിട്ടില്ല. ERP സൊല്യൂഷൻ പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിലാക്കിയിട്ടുണ്ട്. 2023 ഏപ്രിൽ മാസത്തോടെ ഇത് പൂർണ്ണമാക്കി നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. |
| (ഡി) | റേഷൻകടകൾ, ഗോഡൗണുകൾ, സപ്ലൈകോ എന്നിവിടങ്ങളിൽ സി.സി.ടി.വി. സ്ഥാപിച്ചിട്ടുണ്ടോ; ഏത് ഏജൻസി മുഖേനയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്; നിലവിലെ സ്ഥിതി വിശദമാക്കാമോ? | (ഡി) | റേഷൻ കടകളിൽ സി.സി.ടി.വി സ്ഥാപിച്ചിട്ടില്ല. നിലവിൽ സപ്ലൈകോയിൽ 66 എൻ.എഫ്.എസ്.എ ഗോഡൗണുകളിൽ സി.സി.ടി.വി സ്ഥാപിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. രണ്ട് ഘട്ടങ്ങളിലായി നടപ്പിലാക്കുവാൻ വിഭാവന ചെയ്തിട്ടുള്ള ഈ പദ്ധതിയുടെ ഒന്നാം ഘട്ടം സി-ഡിറ്റിനാണ് കരാർ നൽകിയിട്ടുള്ളത്. ഒന്നാം ഘട്ട പ്രവർത്തനങ്ങളുടെ ഭാഗമായി സി-ഡിറ്റ് സൈറ്റ് സർവ്വേ പൂർത്തിയാക്കി, സൈറ്റ് സർവ്വേ റിപ്പോർട്ടിന്റെ കരട് സമർപ്പിച്ചിട്ടുണ്ട്. സെൻട്രൽ വെയർഹൗസിങ്ങ് കോർപ്പറേഷനിൽ പ്രവർത്തിക്കുന്ന 12 ഗോഡൗണുകളിൽ CWC സ്വന്തം നിലയിൽ സി.സി.ടി.വി സ്ഥാപിച്ചിട്ടുണ്ട്. ആയതിന്റെ ലിങ്ക് സപ്ലൈകോയ്ക്ക് നൽകുകയും സി.സി.ടി.വി ദൃശ്യങ്ങൾ സപ്ലൈകോ വിജിലൻസ് ഓഫീസർ നിരീക്ഷിച്ചുവരുന്നുമുണ്ട്. |

സെക്ഷൻ ഓഫീസർ